# ഭാരതീയ ദർശനവും
# ആധുനിക സംസ്കാരവും

ഫാറൂഖ് കോളേജ്
40-ാം വാർഷികത്തോടനുബന്ധിച്ച്
നടത്തിയ

## മൗലാനാ അബുസ്സബാഹ് അഹ്മദലി
## സ്മാരക പ്രസംഗം

ഫെബ്രുവരി 1989

ഡോ: എൻ.വി. കൃഷ്ണവാരിയർ

---

ഫാറൂഖ് കോളേജ് പൂർവ്വവിദ്യാർത്ഥി സംഘടന
പ്രസിദ്ധപ്പെടുത്തുന്നത്.

# Maulana Abussabah Ahmedali Memorial Extension Lectures

**Organised by the Farook College Old Students' Assn.**

| SPEAKER | TOPIC | VENUE & DATE |
|---|---|---|
| **Dr. B. Sheik Ali**<br>Vice-Chancellor,<br>Mangalore University. | Influence of Islam on Indian Culture | C. S. I. Cathedral Hall, Calicut.<br>25-1-81 |
| **Seyid Hamid Sahib**<br>Vice-Chancellor,<br>Aligrah Muslim University. | Problems Facing the Indian Muslims | Farook College<br>8-11-81 |
| **Dr. V. A. Seyid Muhammad** | Problems of Indian Muslims-a Historical Analysis | "<br>5-12-83 |
| **Sri. Nitya Chaithanya Yathi**<br>Director, Sree Narayana, Gurukulam. | ഇസ്ലാമിന്റെ നിർമല ഹൃദയവും അതിൽ വിരിയുന്ന അധ്യാത്മ സൂനങ്ങളും, | "<br>6-10-86 |
| **Dr. N. V. Krishna Warrier**<br>Chief Editor,<br>Mathrubhumi. | ഭാരതീയ ദർശനവും ആധുനിക സംസ്കാരവും | "<br>11-2-89 |

# ഭാരതീയ ദർശനവും ആധുനിക സംസ്കാരവും

## ഉപക്രമം

പണ്ഡിതനും ചിന്തകനും വിദ്യാഭ്യാസ പ്രവർത്തകനും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന മൌലാനാ അബുസ്സബാഹ് അഹ്മദ് അലിയുടെ സ്മാരകമായി ആണ്ടുതോറും നടത്തിവരുന്ന പ്രസംഗ പരമ്പരയിൽ 1989-ലെ പ്രസംഗം ചെയ്യുന്നതിനു് ക്ഷണിക്കപ്പെട്ടതു് ഒരു വലിയ ബഹുമതിയായി ഞാൻ കരുതുന്നു. ഈജിപ്തിലെ സുപ്രസിദ്ധമായ അൽ-അസ്ഹാർ സർവകലാശാലയിൽ നടത്തിയ ഉപരിപഠനത്തിൽ നിന്നും, അതിനുശേഷം പല രാജ്യങ്ങളിൽ നടത്തിയ പര്യടനത്തിൽ നിന്നും ആർജിച്ച വിജ്ഞാനവും ലോകപരിചയവും അദ്ദേഹം ജനസേവനത്തിനു പൂർണമായും ഉപയോഗപ്പെടുത്തി. അദ്ദേഹം മുൻകൈ എടുത്തു സ്ഥാപിച്ചതും ഈയാണ്ടിൽ നാല്പതാം വാർഷികം ആഘോഷിക്കുന്നതുമായ ഫാറൂക് കോളേജ് കേരളത്തിലെ ആധുനിക രീതിയിലുള്ള ഉന്നത വിദ്യാലയങ്ങളിൽ എന്തുകൊണ്ടും മുന്നിട്ടുനില്ക്കുന്ന ഒരു സ്ഥാപനമാണ്. ഭൌതിക ജീവിതത്തിൽ പുരോഗതിയ്ക്ക് അനുപേക്ഷണീയമായ ആധുനിക വിദ്യാഭ്യാസത്തോടൊപ്പം, ആധ്യാത്മികമായ ഉൽകൃഷ്ട് ആവശ്യമായ പാരമ്പര്യ രീതിയിലുള്ള മതവിദ്യാഭ്യാസത്തെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഈ സമുദായ സേവകന്റെ സ്മരണയ്ക്കു മുമ്പിൽ എന്റെ വിനീതമായ കൂപ്പുകൈ.

## ഭാരതീയ ദർശനം

"ഭാരതീയദർശനവും ആധുനിക സംസ്കാരവും" എന്നതാണ് ഈ പ്രസംഗത്തിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിഷയം. ഭാരതീയ ദർശനത്തെ പറ്റി ഒരു ചെറിയ പ്രസംഗത്തിൽ പ്രതിപാദിക്കുവാൻ പ്രയാസമുണ്ട്. കാരണം, വിശാലമായ ഈ രാജ്യത്തു് ജീവിച്ചുവന്ന വ്യത്യസ്ത ജനവിഭാഗങ്ങൾ സഹസ്രാബ്ദങ്ങളിലൂടെ സഞ്ചയിച്ച അനുഭവത്തിന്റെ സാരാംശമാണ് ഭാരതീയദർശനം. ഒരൊറ്റ മസ്തിഷ്കത്തിൽ വിളഞ്ഞതോ ഏതെങ്കിലും ഒരു ഗ്രന്ഥത്തിൽ സംക്ഷേപിക്ക

പ്പെട്ടതോ അല്ല ഈ ദർശനം. ''ദർശനം'' എന്ന ഏകവചനം കൊണ്ടല്ലാതെ ''ദർശനങ്ങൾ'' എന്ന ബഹുവചനം കൊണ്ട് അതിനെ വ്യവഹരിക്കുന്നതായിരിക്കും ശരി. ഭാരതീയദർശനങ്ങളിൽ ചിലത് ഈശ്വരനേയോ പരലോകത്തെയോ മരണത്തെ അതിജീവിക്കുന്ന ആത്മാവിനെയോ അംഗീകരിക്കാത്ത നാസ്തികദർശനങ്ങളാണ്. മറ്റു ചിലവയാകട്ടെ, ഈശ്വരനെയല്ലാതെ പ്രപഞ്ചത്തേയോ, മനുഷ്യാത്മാവിന്റെ വേറിട്ടുള്ള നിലനില്പിനെയോ അംഗീകരിക്കുന്നില്ല. സ്ഥൂലമായ ബിംബാരാധനാവിശ്വാസം മുതൽ അത്യന്തസൂക്ഷ്മമായ അദ്വൈതം സിദ്ധാന്തംവരെ വ്യത്യസ്തങ്ങളായ ചിന്താപദ്ധതികൾ ''ഭാരതീയദർശന''മെന്ന സാമൂഹ്യനാമത്തിൽ അറിയപ്പെടുന്നു. ഭാരതീയ ദശ്നങ്ങളിൽ അധികവും തീർച്ചയായും ഹൈന്ദവങ്ങളാണ്; ഹിന്ദുക്കൾ പരമപ്രമാണമായി അംഗീകരിക്കുന്ന വേദങ്ങളിലും ഉപനിഷത്തുകളിലും ആദ്യമായി ആവിഷ്കരിക്കപ്പെട്ടവയും സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്ന ആറ് ക്രമബദ്ധങ്ങളായ ദർശനപദ്ധതികളിൽ പൂർണവികാസം നേടിയവയുമാണ് ഈ ദർശനങ്ങൾ. ഇവയിൽ ''ഉത്തരമീമാംസ'' എന്ന പേരിലറിയപ്പെടുന്ന വേദാന്തത്തിനു തന്നെ അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം, ശുദ്ധാദ്വൈതം മുതലായ പല ശാഖാഭേദങ്ങളുമുണ്ട്. ഇവയ്ക്ക് പുറമെയാണ് ദക്ഷിണേന്ത്യയിലെ ശൈവ സിദ്ധാന്തം, കാശ്മീരിലെ പ്രത്യഭിജ്ഞാദർശനം മുതലായവ.

''ഹൈന്ദവം'' എന്നു പറയാവുന്ന ഈ ദർശനങ്ങൾക്കു തുല്യമായ വികാസം നേടിയവയാണ് ബൗദ്ധദർശനവും ജൈനദർശനവും. തികച്ചും ഭൗതികമായ ലോകായത ദർശനവും ഭാരതീയ ദർശനങ്ങൾക്കിടയിൽ പ്രധാനമായ ഒരു സ്ഥാനത്തിനർഹമാണ്. ഭാരതീയ ദർശനങ്ങളുടെ വികാസം ചരിത്രകാലഘട്ടത്തിൽ ഒരിക്കലും മുരടിച്ചുനിൽക്കുകയുണ്ടായിട്ടില്ല എന്നതാണ് സുപ്രധാനമായ ഒരു സംഗതി. രാമകൃഷ്ണ-വിവേകാനന്ദന്മാർ, ബാലഗംഗാധരതിലകൻ, അരവിന്ദഘോഷ്, മഹാത്മാഗാന്ധി, ടാഗോർ, രാധാകൃഷ്ണൻ, ജെ. കൃഷ്ണമൂർത്തി തുടങ്ങി പലരും ആധുനിക കാലഘട്ടത്തിൽ ഭാരതീയദർശന വികാസത്തിനു ഗണ്യമായ സംഭാവന നൽകിയവരാണ്. വിദേശങ്ങളിൽ പിറന്നവയെങ്കിലും, ഇന്ത്യയിൽ സുരക്ഷിതമായ താവളം കണ്ടെത്തിയ



ക്രിസ്തുമതവും ഇസ്ലാമും ഭാരതീയ ദർശനങ്ങളിൽ നിന്ന് പല ആശയങ്ങളും ഉൾക്കൊള്ളുകയും, തനതായ സംഭാവന ഭാരതീയ ദർശനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ഈ വൈവിധ്യവും വൈപുല്യവും നിമിത്തം, ഭാരതീയ ദർശനത്തെപ്പറ്റി സംക്ഷിപ്തമായും സാമൂഹ്യമായും എന്തെങ്കിലും പ്രസ്താവിക്കുക പ്രയാസമാണ്. ഉദാഹരണമായി, ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധം സംബന്ധിച്ച ഭാരതീയ ദാർശനിക ധാരണകൾ എടുക്കുക. പ്രപഞ്ചം മാത്രമെ സത്യമായുള്ളു എന്നും, ഈശ്വരനോ പരലോകമോ ഇല്ലെന്നും ലോകായത ദർശനം സിദ്ധാന്തിക്കുന്നു. കർമ്മങ്ങൾക്ക് നിശ്ചിതമായ ഫലം ഉള്ളതിനാൽ താൻ ചെയ്യുന്ന കർമ്മത്തിന്ന് അനുസൃതമായ സുഖദുഃഖങ്ങൾ ഇഹലോകത്തിലും പരലോകത്തിലും മനുഷ്യനു കൈവരുമെന്നും, അതിനാൽ ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്നു ചിന്തിക്കേണ്ടതില്ലെന്നുമാണ് മീമാംസാദർശനത്തിന്റെ നിലപാട്. അനേകം ആത്മാക്കൾ ഉള്ളതിൽ, പൂർണ്ണത കൈവരിച്ച ഒരാത്മാവു മാത്രമായി ഈശ്വരനെ യോഗദർശനം വിവരിക്കുന്നു. സർവജ്ഞനും സർവവ്യാപിയും സർവശക്തനുമായ പരമാത്മാവാണ് ഈശ്വരൻ; ഈശ്വരനിൽ നിന്നു വിഭിന്നമാണ് ഓരോ ശരീരത്തിലുമുള്ള ജീവാത്മാവ്; ജീവാത്മാവും ഈശ്വരനെപോലെ നിത്യനും സർവവ്യാപിയുമാണ് എന്നതത്രെ ന്യായദർശനത്തിന്റെ സങ്കല്പം. സമുദ്രത്തിനും അതിലെ തിരകൾക്കും തമ്മിലുള്ള ബന്ധമാണ് ഈശ്വരനും മനുഷ്യാത്മാക്കൾക്കും തമ്മിലെന്ന് ഒരു വിഭാഗം വേദാന്തികൾ കരുതുന്നു. അജ്ഞാനത്തിൽ നിഴലിച്ച ഈശ്വരപ്രതിബിംബമായി മനുഷ്യാത്മാവിനെ മറ്റൊരു വിഭാഗം വേദാന്തികൾ സങ്കല്പിക്കുന്നു. ''ഈശ്വരൻ എല്ലാ ജീവികളുടെയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നു; മറ്റെല്ലാം കൈവിട്ട് ഈശ്വരനെ ശരണം പ്രാപിക്കുക; ഈശ്വരൻ നിന്നെ എല്ലാ പാപങ്ങളിലും നിന്ന് മോചിപ്പിക്കും; ഈശ്വരനെത്തന്നെ ചിന്തിക്കുക; ഈശ്വരനെമാത്രം ഭജിക്കുക; ഈശ്വരനെമാത്രം നമസ്കരിക്കുക; നീ ഈശ്വരനെ പ്രാപിക്കും'' എന്ന് ഭഗവദ്ഗീത പ്രഖ്യാപിക്കുന്നു. ഈശ്വര മനുഷ്യബന്ധം സംബന്ധിച്ച ധാരണകളിലെന്നപോലെ, പ്രപഞ്ചത്തെപ്പറ്റിയും ഈശ്വര പ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെപ്പറ്റിയും, മറ്റുമുള്ള ധാരണകളിലും അത്യന്തം വ്യത്യസ്തങ്ങളായ മാതൃകകളാണ് ഭാരതീയ ദർശനങ്ങൾ പുലർത്തുന്നത്.

ഇതിന്നർത്ഥം ഭാരതീയദർശനങ്ങളിൽ ഒരു തരത്തിലുള്ള ഐക്യരൂപവും ഇല്ലെന്നല്ല. സ്വന്തം സംസ്കാരവും വിദ്യാഭ്യാസവും അനുസരിച്ച്, ഓരോ പ്രശ്നത്തെ സംബന്ധിച്ചും വ്യത്യസ്തമായ വീക്ഷണം ഓരോ വ്യക്തിയ്ക്കും ഉണ്ടാകാമെന്നും, അതാതു ചുററുപാടിൽ ഈ വീക്ഷണങ്ങൾക്കെല്ലാം ഏറിയോ കുറഞ്ഞോ പ്രസക്തി ഉണ്ടാകാമെന്നുമുള്ള വസ്തുത ഭാരതീയദാർശനികർ അംഗീകരിച്ചിരിക്കുന്നു എന്ന അർത്ഥത്തിലാണ് ഈ വൈവിധ്യത്തെ മനസ്സിലാക്കേണ്ടതും, മനസ്സിലാക്കിപ്പോന്നിട്ടുള്ളതും. ഉണ്മ ഒന്നേയുള്ളൂ; അതിനെ പണ്ഡിതന്മാർ പലതരത്തിൽ വിവരിക്കുന്നു എന്ന അർത്ഥത്തിലുള്ള "ഏകം സദ് വിപ്രാ ബഹുധാവദന്തി" എന്ന വേദവാക്യം സുപ്രസിദ്ധമാണല്ലോ.

ലോകായതം ഒഴിച്ചുള്ള ഭാരതീയദർശനങ്ങളൊന്നും ദൃശ്യപ്രപഞ്ചത്തെ യാഥാർത്ഥ്യത്തിന്റെ സാകല്യമായി കാണുന്നില്ല. ആധാരമായ ദൃശ്യപ്രപഞ്ചത്തിൽ നിലീനമായും അതിനെ അതിവർത്തിക്കുന്നതായും ശാശ്വതമായ ഒരു കേവലചൈതന്യം ഉണ്ടെന്ന കാര്യത്തിൽ ഏറെക്കുറെ എല്ലാ ഭാരതീയ ദർശനങ്ങളും യോജിക്കുന്നു. ഈ പരമമായ ചൈതന്യവുമായി ഏകീഭവിച്ച് പൂർണ്ണതനേടലാണ് ഓരോ ആത്മാവിന്റെയും പാര്യന്തിക ഭാഗധേയം. മനുഷ്യന്റെ എല്ലാ ആകാംക്ഷകളുടെയും സംഘർഷങ്ങളുടെയും ലക്ഷ്യം "അഭ്യുദയം" എന്ന പേരിലറിയപ്പെട്ടിരുന്ന സാമൂഹ്യക്ഷേമവും "നിശ്ശ്രേയസം" എന്ന പേരിലറിയപ്പെട്ടിരുന്ന ആധ്യാത്മികപൂർണ്ണതയുമാണെന്ന കാര്യത്തിൽ എല്ലാ ഭാരതീയ ദർശനങ്ങൾക്കും ഒരേ അഭിപ്രായമാണ് ഉള്ളത്. അഭ്യുദയം കൈവരിക്കുന്നതിന് ഒരൊററമാർഗ്ഗമേയുള്ളൂ എന്ന ധാരണ ഭാരതീയ ദാർശനികർക്കുണ്ടായിരുന്നില്ല. വിജ്ഞാനസമ്പാദനവും, വിജ്ഞാന പ്രചാരണവും, സൈനിക സേവനം, കൃഷിയും ഗോപരിപാലനവും വാണിജ്യവും, പലതരം കൈത്തൊഴിലുകളും സേവനങ്ങളും എന്നിവ ഏതു സമൂഹത്തിലും അനുപേക്ഷണീയങ്ങളാണല്ലോ. ഈ പ്രവൃത്തികൾ എല്ലാം തന്നെ ഉടൻ അഭ്യുദയത്തിനും, കാലക്രമേണ നിശ്ശ്രേയസത്തിനും ഉതകുമെന്ന് ഭാരതീയ ദാർശനികർ കരുതി. തൊഴിലുകളുടെ അടിസ്ഥാനത്തിൽ ആവിർഭവിച്ചതെന്നു കരുതപ്പെടുന്ന ജാതിവ്യവസ്ഥ പാറപോലെ ഉറയ്ക്കുകയും, ജാതികൾക്കിടയിൽ ഉച്ചനീചഭാവം പ്രബലമായിത്തീരുകയും ചെയ്തപ്പോഴും, ആധ്യാത്മിക പരിപൂർണ്ണത നേടുന്ന കാര്യത്തിൽ



ഒരു തൊഴിൽ മറെറാന്നിനേക്കാൾ മീതെയോ താഴെയോ ആണെന്നു ഭാരതീയ ദാർശനികർക്ക് അഭിപ്രായമുണ്ടായിരുന്നില്ല. നേരെമറിച്ച്, "ആരിൽ നിന്നു് ഈ പ്രപഞ്ചം ഉത്ഭവിച്ചുവോ, ആർ പ്രപഞ്ചത്തിലെല്ലാം വ്യാപിച്ചു നില്ക്കുന്നുവോ, ആ ഈശ്വരനെ, സ്വന്തം കർമ്മംകൊണ്ടു് ആരാധിച്ച് മനുഷ്യൻ സിദ്ധി നേടുന്നു." എന്നു് ഗീത വ്യക്തമായി പ്രഖ്യാപിക്കുന്നുമുണ്ട്.

ഏതു സമൂഹത്തിലും ഭൂരിപക്ഷം ജനങ്ങളുടെ താല്പര്യം അഭ്യുദയത്തിൽ, അതായത് ഐഹിക ക്ഷേമത്തിൽ, ആയിരിക്കാനേ തരമുള്ളൂ. നിശ്ശ്രേയസം അഥവാ ആധ്യാത്മികപൂർണ്ണത എന്ന ലക്ഷ്യത്തിൽ താൽപര്യം ഉദ്ബുദ്ധമായ ഒരു ന്യൂനപക്ഷത്തിനുമാത്രമേ ഉണ്ടാവൂ. അഭ്യുദയത്തിന് അംഗീകാരം നൽകിയപ്പോഴും നിശ്ശ്രേയസത്തിനു് പ്രാധാന്യം നൽകി എന്നത് ഭാരതീയ ദർശനങ്ങളുടെ ഒരു സവിശേഷതയാകുന്നു. "കർമ്മപ്രധാനം (പ്രവൃത്തി ലക്ഷണം) എന്നും ധ്യാനപ്രധാനം (നിവൃത്തി ലക്ഷണം) എന്നും രണ്ടു തരത്തിലുള്ള ധർമ്മത്തെപ്പററി വേദങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഈ രണ്ടുതരം ധർമ്മങ്ങളും ചേർന്നാണ് ലോകത്തെ നിലനിർത്തുന്നതും ജീവികൾക്ക് അഭ്യുദയവും നിശ്ശ്രേയസവും നൽകുന്നതും" എന്നു് ഗീതാഭാഷ്യ പ്രാരംഭത്തിൽ ശങ്കരാചാര്യർ പറയുന്നു. എങ്കിലും കാലക്രമേണ ഭാരതീയ ദർശനങ്ങളുടെ ഊന്നൽ കർമ്മത്തിൽ കുറവും ധ്യാനത്തിൽ കൂടുതലുമായിത്തീർന്നു. ഹൈന്ദവ സാമ്രാജ്യങ്ങളുടെ പതനവും, ആയിരത്താണ്ടുകളോളം നീണ്ടുനിന്ന വൈദേശികാക്രമണങ്ങളും, സാർവത്രികമായ അരാജകത്വവും, ജനതയുടെ വീക്ഷണത്തിൽ വന്ന ഈ പരിവർത്തനത്തിനു് ഹേതുവായിരിക്കാം. ഭാരതീയ ദർശനങ്ങൾ ജീവിതത്തെ നിഷേധിക്കുന്നവയും അകർമ്മണ്യതയെ പ്രോത്സാഹിപ്പിക്കുന്നവയുമാണെന്ന, കുറെയൊക്കെ പരമാർത്ഥമായ, ആരോപണത്തിനു കാരണമായിത്തീർന്നത് മധ്യയുഗങ്ങളിൽ ഭാരതീയദർശനങ്ങളിൽ വന്നുപെട്ട ഈ വ്യതിയാനമാകുന്നു.

## ആധുനിക സംസ്കാരം

‘‘ആധുനികം എന്നു നാം വ്യവഹരിക്കുന്നത് പാശ്ചാത്യവും ഭൗതികവുമായ വ്യവസായ സംസ്കാരത്തെയാണ്. അഭ്യുദയത്തിനല്ലാതെ നിശ്ശ്രേയസത്തിന് ഒരു പ്രാധാന്യവും ആധുനിക സംസ്കാരം കല്പിക്കുന്നില്ല. ദാരിദ്ര്യം ഇല്ലാതാക്കലാണ് വ്യക്തിപരവും സാമൂഹ്യവുമായ അഭ്യുദയത്തിന്റെ അടിസ്ഥാനമെന്ന സങ്കല്പമാണ് ആധുനിക-വ്യവസായ-സാംസ്കാരത്തിന്റെ അസ്ഥിവാരം. കൃഷി, വ്യവസായം, ഖനനം, സേവനങ്ങൾ എന്നിവയിൽ നിന്നുമുള്ള ഉൽപാദനത്തെ ശാസ്ത്രീയ-സാങ്കേതിക-ജ്ഞാനം ഉപയോഗപ്പെടുത്തി പരമാവധി വർദ്ധിപ്പിക്കുന്നത് ദാരിദ്ര്യ നിവാരണത്തിന് അനുപേക്ഷണീയമാകുന്നു. ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, വർദ്ധിച്ച ഉൽപാദനം ജനങ്ങൾക്കിടയിൽ നീതിനിഷ്ഠമായി പങ്കിടുന്നതിനും, മുതലാളിത്തം അഥവാ ജനാധിപത്യം എന്നും, കമ്മ്യൂണിസം എന്നുമുള്ള പേരുകളിലറിയപ്പെടുന്ന രണ്ടു വ്യത്യസ്ത സമൂഹഘടനാരീതികൾ ഇപ്പോൾ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ രണ്ടു സമൂഹഘടനാരീതികൾ തമ്മിൽ മേല്ക്കോയ്മയ്ക്കുവേണ്ടി നടന്ന മത്സരമായിരുന്നു ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യചരിത്രത്തിന്റെ മുഖ്യ പ്രമേയമെന്നു പറയാം. സംഘർഷം അവസാനിപ്പിച്ച്, ഈ രണ്ടു സമൂഹഘടനാ സമ്പ്രദായങ്ങളും സഹവർത്തിത്വത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നതായി ഈയിടെ നാം കാണുന്നുണ്ട്.

ഉപഭോഗപ്രധാനമായ ഒരു ജീവിതത്തെയാണ് മുതലാളിത്തവും കമ്മ്യൂണിസവും വിഭാവനം ചെയ്യുന്നത്. ആധുനിക ശാസ്ത്രീയ വിജ്ഞാനം വികസിച്ചതിൻ ഫലമായി, പട്ടിണിനിവാരണം ചെയ്യപ്പെട്ടു; മിക്ക രോഗങ്ങളും നിയന്ത്രണ വിധേയമായി. ഇതു നിമിത്തം ലോകജനസംഖ്യ പണ്ടൊരിക്കലുമില്ലാത്ത വിധത്തിൽ പെരുകി. മുപ്പതുകൊല്ലത്തിലൊരിക്കൽ ഈ വർദ്ധിച്ച ലോകജനസംഖ്യ വീണ്ടും ഇരട്ടിച്ചുകൊണ്ടിരിക്കുകയുമാണ്. പെരുകിക്കൊണ്ടിരിക്കുന്ന ജനങ്ങൾക്ക് വിപുലങ്ങളായ ജീവിതസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി, പ്രകൃതിവിഭവങ്ങൾ ഒരു നിയന്ത്രണവും കൂടാതെ ചൂഷണം ചെയ്യപ്പെടുന്നു. പ്രകൃതിവിഭവങ്ങളിൽ ഒരു വിഭാഗം,



ആണ്ടോടാണ്ടു നവീകരിക്കാൻ കഴിയുന്ന സസ്യ-ജന്തു-സമ്പത്താകുന്നു. മറ്റൊരു വിഭാഗമാകട്ടെ, ഒരിക്കൽ എടുത്തുപയോഗിച്ചാൽ അതോടെ നശിച്ചുപോകുന്ന ലോഹങ്ങൾ, കല്ക്കരിയും എണ്ണയും വാതകവും പോലെയുള്ള ഇന്ധനങ്ങൾ, മണ്ണ്, വെള്ളം മുതലായവയും. ഇവയിൽ, ആദ്യത്തെ വിഭാഗത്തിൽപ്പെട്ട വനങ്ങൾ, ജീവിവർഗങ്ങൾ മുതലായവയ്ക്ക്, അനിയന്ത്രിതമായ വിധ്വംസനത്തിൻ ഫലമായി, പുനർനവീകരണ ക്ഷമത വളരെയേറെ നഷ്ടപ്പെട്ടിട്ടുണ്ട്. പല സസ്യവർഗ്ഗങ്ങളും ജന്തുവർഗങ്ങളും ഭൂമുഖത്തുനിന്ന് ഇതിനകം അപ്രത്യക്ഷങ്ങളായിരിക്കുന്നു; മറ്റു പല സസ്യജന്തുവർഗങ്ങളും വംശനാശ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയുമാണ്.

ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞാൽ, രൂപാന്തരണം ചെയ്തു വീണ്ടും ഉപയോഗിക്കുക എന്നതാണ് പുനശ്ചക്രണം (റീസൈക്ലിങ്ങ്) സ്വയം നവീകരിക്കാത്ത ലോഹങ്ങൾപോലെയുള്ള പ്രകൃതിവിഭവങ്ങൾ പുനശ്ചക്രണ പ്രക്രിയയിലൂടെ കുറെക്കാലത്തേയ്ക്കുകൂടി വീണ്ടും ഉപയോഗിക്കാം. എന്നാൽ കല്ക്കരിയും എണ്ണയും വാതകവും പോലെയുള്ള ഇന്ധനങ്ങൾ ഒരിക്കൽ ഉപയോഗിക്കുന്നതോടെ നശിക്കുന്നു. ഭൂമിയിൽ ഇവയുടെ ലഭ്യത പരിമിതമാണുതാനും.

ആധുനിക വ്യവസായങ്ങളുടെ ഫലമായി വളരെയധികം മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നതാണ് ഗൗരവമായ പരിഗണനയർഹിക്കുന്ന മറ്റൊരു വസ്തുത. അണു-ആയുധ നിർമ്മാണശാലകളിൽ നിന്നും അണുവൈദ്യുതീനിലയങ്ങളിൽ നിന്നും പുറംതള്ളപ്പെടുന്ന മാലിന്യങ്ങൾ, അവയുടെ പരിസരത്തിൽ ജീവന്റെ നിലനില്പ് അസാദ്ധ്യമാക്കുന്നവയാണ്. ഈ മാലിന്യങ്ങൾ എവിടെക്കൊണ്ട് തള്ളുമെന്നു ഇന്നും നമുക്ക് അറിഞ്ഞുകൂട. ആണ്ടുതോറും ഈ മാലിന്യങ്ങളുടെ അളവ് വർദ്ധിച്ചുപോരുകയുമാണ്. വ്യവസായശാലകളിൽ നിന്നും മോട്ടോർവാഹനങ്ങളിൽ നിന്നും, കത്തിക്കരിയുന്ന കാടുകളിൽ നിന്നും, മറ്റും, ബഹിർഗമിക്കുന്ന പുകയിലെ ദോഷകരങ്ങളായ വാതകങ്ങൾ വായുമണ്ഡലത്തിൽ നിറഞ്ഞു ‘‘ഗ്രീൻഹൗസ് പ്രഭാവം’’ എന്ന ഉഷ്ണവർദ്ധനയ്ക്കു കാരണമായിത്തീർന്നിട്ടുണ്ട്. ഇതിൻ ഫലമായി, ഏറെ അകലെയല്ലാത്ത ഒരു കാലഘട്ടത്തിൽ ധ്രുവപ്രദേശങ്ങളിലെ മഞ്ഞു

പാളികൾ ഉരുകുകയും, നോഹയുടെ കാലത്ത് സംഭവിച്ചതുപോലെയുള്ള ഒരു പ്രളയത്തിൽ ഭൂമിയിലെ താഴ്ന്ന പ്രദേശങ്ങൾ മുങ്ങിപ്പോകുകയും ചെയ്യുമെന്ന ആശങ്ക ഇന്നു പ്രബലമായിട്ടുണ്ട്. വായുമണ്ഡലത്തിൽ നിന്ന് കുറേക്കൂടി മേലോട്ടുയർന്ന പരന്ന ചില പ്രത്യേക വാതകങ്ങൾ, ഓസോൺ വിതാനം എന്നറിയപ്പെടുന്ന ഭൂമിയുടെ രക്ഷാകവചത്തെ കരണ്ടു തിന്നുന്നതിന്റെ ഫലമായി സൂര്യനിൽ നിന്നുള്ള മാരകങ്ങളായ അൾട്രാവയലറ്റ് രശ്മികൾ കൂടിയ അളവിൽ ഭൂമിയിൽ വീണുതുടങ്ങിയിട്ടുണ്ടെന്നും, ഇവ വ്യാപകങ്ങളായ ദോഷഫലങ്ങൾ ഉളവാക്കാനിടയുണ്ടെന്നും ഇന്നു ശാസ്ത്രജ്ഞർ പൊതുവെ മനസ്സിലാക്കിയിരിക്കുന്നു.

ഉപഭോഗത്തിന്റെമേൽ യുക്തിപൂർവ്വവും ആസൂത്രിതവുമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെയാണ് ഇതെല്ലാം പ്രകടമാക്കുന്നത്. ഒരു അണു ആയുധ യുദ്ധത്തിന്റെ അഗ്നി പ്രളയത്തിൽ നിന്ന് രക്ഷപ്പെട്ട മനുഷ്യവർഗം സ്വയംസൃഷ്ടമായ മാലിന്യ പ്രളയത്തിൽ മുങ്ങിമരിക്കാൻ ഇടയാവരുതല്ലോ. ഉപഭോഗമല്ല പ്രധാനമെന്നും ഉപഭോഗത്തിനും ഉപരിയായ ചില മൂല്യങ്ങൾ മനുഷ്യജീവിതത്തിനുണ്ടെന്നുമുള്ള ബോധം ആധുനിക പാശ്ചാത്യചിന്തകർക്കിടയിൽ പ്രചാരമാർജിച്ചുകൊണ്ടിരിക്കുകയാണ്. ''ദി യൂണിവേഴ്സ് ഓഫ് ഐൻസ്റ്റൈൻ'' എന്ന ഗ്രന്ഥത്തിൽ ലിങ്കൺ ബാർനെറ്റ് പറയുന്നു:

''ശാസ്ത്രീയ ചിന്തയുടെ പരിണാമത്തിൽ ഒരു കാര്യം വളരെ സ്പഷ്ടമാണ്. ഭൗതികലോകത്തിലെ ഏതു രഹസ്യത്തിനും അപ്പുറത്ത് മറ്റൊരു രഹസ്യമുണ്ട്. ബുദ്ധിയുടെ എല്ലാ രാജ മാർഗങ്ങളും, സിദ്ധാന്തങ്ങളുടെയും ഊഹാപോഹങ്ങളുടെയും ഊടുവഴികളും, ചെന്നെത്തുന്നത്, മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യത്തിന് പാലം പണിയാനാകാത്ത ഒരു അഗാധ ഗർത്തത്തിലാണ്. കാരണം, മനുഷ്യൻ ഇവിടെ ചങ്ങലയിലാകുന്നു. അതാണ് അവന്റെ ജീവിത പരിസ്ഥിതി. അവൻ സ്വയം സീമാബദ്ധനാണ്, കൂടാതെ പ്രകൃതിയിൽ കുരുങ്ങിയവനു. ചക്രവാളങ്ങൾ വികസിക്കുംതോറും, നീൽസ് ബോർ പറഞ്ഞതുപോലെ ''നാം എല്ലാവരും ഈ ജീവിതനാടകത്തിലെ പ്രേക്ഷക



ന്മാരും നടന്മാരുമാണ്'' എന്ന യാഥാർഥ്യം മനുഷ്യനെ ബോധ്യപ്പെടുന്നു. അങ്ങനെ, ഏറ്റവും വലിയ രഹസ്യം മനുഷ്യൻ തന്നെ. സ്വയം അറിയുന്നില്ല എന്ന ഒറ്റക്കാരണത്താൽ, താൻ ഏതിന്റെ മുമ്പിൽ വലിച്ചെറിയപ്പെട്ടിരിക്കുന്നുവോ, മുഖാവരണമണിഞ്ഞ ആ വിശാല പ്രപഞ്ചത്തെ മനുഷ്യൻ അറിയുന്നില്ല. തന്റെ ജൈവ പ്രക്രിയയെപ്പറ്റി അവന്റെ അറിവ് ഇപ്പോഴും നിസ്സാരമാകുന്നു. ചുറ്റുമുള്ള ലോകത്തെ അറിയാനും, യുക്തിപൂർവ്വം ചിന്തിക്കാനും, സ്വപ്നം കാണാനുമുള്ള തന്റെ വിശിഷ്ട ശക്തിയെപ്പറ്റി അതിലും കുറച്ചേ അവൻ അറിയുന്നുള്ളൂ. അതിനേക്കാൾ കുറവാണ്, സ്വയം അതിവർത്തിക്കാനും, ഇന്ദ്രിയാനുഭവ പ്രക്രിയയിലൂടെ തന്നെപ്പറ്റിയുള്ള അനുഭവങ്ങൾ ഉൾക്കൊള്ളാനുമുള്ള ഉദാത്തവും രഹസ്യമയവുമായ, അവന്റെ കഴിവ്.''

''പരാഞ്ചി ഖാനി വ്യതൃണത് സ്വയംഭൂ-
സ്തസ്മാത് പരാങ് പശ്യതി നാന്തരാത്മൻ
കശ്ചിദ്ധീരഃ പ്രത്യഗാത്മാനമൈക്ഷദ്
ആവൃത്ത ചക്ഷുരമൃതത്വമിച്ഛൻ''

എന്ന് ഇതേ വസ്തുത തന്നെ ഉപനിഷത്ത് എത്രയോ മുമ്പേ പ്രസ്താവിച്ചിരിക്കുന്നു.

തന്നിലേക്കുതന്നെ തിരിഞ്ഞുനോക്കുന്ന മനുഷ്യൻ എന്തായിരിക്കും കാണുക? ''എവല്യൂഷൻ ആഫ്ടർ ഡാർവിൻ'' എന്ന ഗ്രന്ഥത്തിൽ ജൂലിയൻ ഹക്സ്‌ലി പറയുന്നു:

''നമ്മുടെ ഇന്നത്തെ അറിവുവെച്ചുനോക്കുമ്പോൾ, മനുഷ്യന്റെ ഏറ്റവും മഹത്തായ ലക്ഷ്യം കേവലം മരിക്കാതെ അവശേഷിക്കുകയോ, എണ്ണം പെരുപ്പിക്കുകയോ, സംഘടനയുടെ സങ്കീർണ്ണത വർധിപ്പിക്കുകയോ, പരിസര നിയന്ത്രണം അധികമാക്കുകയോ അല്ല. മനുഷ്യവർഗം കൂട്ടായും, അതിലുപരിയായി മനുഷ്യവർഗത്തിലെ അംഗങ്ങൾ വ്യക്തിപരമായും, കൂടുതൽ സാധ്യതകളെ സാക്ഷാത്

കരിക്കുക. മഹത്തായ പൂർത്തീകരണം നേടുക. ഇതാണ് പരിണാമത്തിന്റെ മുഖ്യലക്ഷ്യം. മഹത്തായ പൂർത്തീകരണമാണ് മനുഷ്യന്റെ അന്തിമ ലക്ഷ്യമെന്ന് അംഗീകരിക്കുകയാണെങ്കിൽ, മാനസികവും സാമൂഹികവുമായ ഭാവിപരിണാമത്തിന്റെ ദീർഘപ്രയാണത്തെ സഹായിക്കാനും വഴി കാട്ടാനുമായി മനുഷ്യസാദ്ധ്യതകളുടെ ഒരു ശാസ്ത്രം നമുക്ക് ആവശ്യമായിരിക്കുന്നു.''

''ദി ഇംപാക്റ്റ് ഓഫ് സയൻസ് ഓൺ സൊസൈററി'' എന്ന പുസ്തകത്തിൽ ബർട്രൻറ് റസ്സൽ പറയുന്നു:

''മാർഗ്ഗത്തെ സംബന്ധിച്ച മനുഷ്യനൈപുണ്യവും ലക്ഷ്യത്തെ സംബന്ധിച്ച മനുഷ്യ വിഡ്ഢിത്തവും തമ്മിലുള്ള ഓട്ടപ്പന്തയത്തിന്റെ നടുവിലാണു നാം. മനുഷ്യർ അറിവോളം തന്നെ വിവേകവും വർദ്ധിപ്പിച്ചില്ലെങ്കിൽ, അറിവ് വർദ്ധിക്കുന്നതിന്നനുസരിച്ച് ദുഃഖവും വർദ്ധിക്കും.''

പ്രപഞ്ചത്തിലും മനുഷ്യനിലുമുള്ള ചൈതന്യം ഏററവും അദ്വിതീയവുമാണെന്ന ഉൾക്കാഴ്ചയും, ഈ ഉൾക്കാഴ്ചയിൽ എത്തിച്ചേരുന്നതിനുള്ള ജ്ഞാനം, യോഗം, നിഷ്കാമകർമ്മം, ഭക്തി മുതലായ സാധനാ പദ്ധതികളുമടങ്ങിയ ഭാരതീയ ദർശനത്തെ, ''മഹത്തരമായ പൂർത്തീകരണത്തിൽ മനുഷ്യനു വഴികാട്ടുന്ന മനുഷ്യ സാധ്യതകളുടെ ശാസ്ത്ര''മായി പല ആധുനിക ചിന്തകരും അംഗീകരിച്ചിട്ടുണ്ട്. ''മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വത മൂല്യങ്ങൾ'' എന്ന ഗ്രന്ഥത്തിൽ രംഗനാഥാനന്ദ സ്വാമികൾ എഴുതുന്നു:

''മനുഷ്യൻ എവിടെയും തന്റെ സത്യസ്വരൂപത്തെ സാക്ഷാത്കരിക്കാനുള്ള പ്രേരണക്ക് വിധേയനാണെന്നുള്ളതിന് ആധുനിക യുഗം സാക്ഷിയാണ്. അറിവിനെ ബുദ്ധി (വിവേകം) ആക്കി പരിണമിപ്പിക്കാനുള്ള തീവ്രമായ അഭിലാഷം അവൻ ഉൾക്കൊള്ളുന്നു. അനന്തവും ശാശ്വതവുമായ ഒന്നിനുവേണ്ടിയുള്ള പേരില്ലാത്ത ഒരു വിശ്വാസം അവന് അനുഭവപ്പെടുന്നുണ്ട്. തന്റെ വ്യക്തിത്വത്തിന്റെ



വിശ്വജനീനമായ മാനം അവൻ അന്വേഷിക്കുന്നു. ആ മാനത്തിൽ നിന്നുകൊണ്ട് സഹജീവികളോട് സ്നേഹബന്ധങ്ങൾ സ്ഥാപിക്കാനും, സ്വാർത്ഥരഹിതങ്ങളായ മാനവ സേവനതരംഗങ്ങൾ പ്രസരിപ്പിക്കാനും അവൻ ആഗ്രഹിക്കുന്നു. ആധുനിക ചിന്തകളുടെയും ആകാംക്ഷകളുടെയും ഈ പശ്ചാത്തലത്തിലാണ്, ഭാരതീയ സംസ്കാരത്തിന്നു പ്രത്യേകമായും മാനവസാംസ്കാരിക പൈതൃകത്തിന്ന് പൊതുവായും ഉപനിഷത്തുകൾ നൽകുന്ന സംഭാവന അർത്ഥവത്തായിത്തീരുന്നത്.''

പ്രകൃതിയുമായി മല്ലടിക്കുന്നതിനും, പ്രകൃതിയെ കീഴടക്കുന്നതിനും, പ്രകൃതിയിലുള്ള വിഭവങ്ങളെ മനുഷ്യന്റെ ഉപഭോഗത്തിന്നും ആഡംബരത്തിന്നും ഉപകരിക്കുന്ന വസ്തുക്കളാക്കി മാററുന്നതിന്നുമുള്ള സാങ്കേതികവിദ്യ ആധുനിക പാശ്ചാത്യ സംസ്കൃതി നമുക്ക് നൽകിയിട്ടുണ്ട്. പ്രകൃതിയോടുള്ള നിരന്തരമായ യുദ്ധം എപ്പോഴും മനുഷ്യന് സുഖവും സമാധാനവും നൽകിക്കൊള്ളണമെന്നില്ല എന്നും, ഈ യുദ്ധം ഇനിയും അനിയന്ത്രിതമായി തുടരുന്നപക്ഷം, മനുഷ്യന്റെ ആവാസഗൃഹം എന്ന നിലയിൽ ഭൂമി ഉപയോഗശൂന്യമായേക്കുമെന്നുമുള്ള ആശങ്ക ഇപ്പോൾത്തന്നെ ഉളവായിക്കഴിഞ്ഞിരിക്കുന്നു. സംഘർഷത്തിന്റെ മാർഗം ഉപേക്ഷിച്ച് പ്രകൃതിയുമായി അനുരഞ്ജനത്തിലും സ്നേഹത്തിലും ജീവിക്കുവാനുമുള്ള സാങ്കേതിക വിദ്യ മനുഷ്യൻ സ്വായത്തമാക്കേണ്ടത് ഇന്നത്തെ ആവശ്യമാണ്. ഈ സാങ്കേതിക വിദ്യയുടെ സാരാംശം ഭാരതീയ ദർശനത്തിലുണ്ട്. ഭാരതീയമായ ആദ്ധ്യാത്മിക ദർശനവും പാശ്ചാത്യമായ വൈജ്ഞാനിക സങ്കേത വിദ്യയും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് ഒററനോട്ടത്തിൽ തോന്നിയേക്കാം. യഥാർത്ഥത്തിൽ ഈ വൈരുദ്ധ്യം ഉപരിതലത്തിൽ മാത്രമാണ്. ഇവയിൽ ഒന്ന് മറേറതിന്റെ പൂരകമാണെന്നും, രണ്ടിനെയും സമന്വയിപ്പിക്കാൻ സാധിക്കുമെന്നും, അങ്ങിനെ സമന്വിതമായ ഒരു ദർശനവും സങ്കേതവിദ്യയും സ്വായത്തമാക്കുന്നതിലൂടെ മാത്രമേ മനുഷ്യവർഗത്തിന്ന് മഹത്തരമായ പൂർത്തീകരണമെന്ന ഭാഗധേയം നേടാൻ കഴിയൂ എന്നും പാശ്ചാത്യ ചിന്തകന്മാർ തന്നെ കൂടുതൽ കൂടുതൽ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. പൗരസ്ത്യമതങ്ങളോടും പൗരസ്ത്യ തത്വചിന്തയോടും പാശ്ചാത്യ ചിന്തകർക്കിടയിൽ പ്രതിപത്തി വർദ്ധിച്ചുവരുന്നതിന്റെ കാരണം ഇതാകുന്നു.

ജ്ഞാനം ഏകമാണ്. പാശ്ചാത്യമെന്നോ പൗരസ്ത്യമെന്നോ, പ്രാചീനമെന്നോ നവീനമെന്നോ, ആധ്യാത്മികമെന്നോ, ഭൗതികമെന്നോ ഭേദം കല്പിച്ച് ജ്ഞാനത്തെ പല ഖണ്ഡങ്ങളായി തിരിക്കുന്നതിൽ അർത്ഥമില്ല. സമുദ്രത്തിൽ ചെന്നുചേരുന്നതോടെ പുഴകളും സമുദ്രമായിത്തീരുന്നു. ഗതാഗതം, വാർത്താവിനിമയം മുതലായ രംഗങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതിയുടെ ഫലമായി മനുഷ്യവർഗം ഒരൊററ സമൂഹമായി മാറിക്കൊണ്ടിരിക്കയാണ്. ഇതിന്റെ ഒരു ഫലം, മനുഷ്യവിജ്ഞാനം സംയോജിച്ച് ഒരു മഹാ സമുദ്രമായിത്തീരുകയാണ് എന്നതത്രേ. ആ വിജ്ഞാന സാകല്യത്തിന്റെ സ്വഭാവം നിർണയിക്കുന്നതിൽ, ഭാരതം സഹസ്രാബ്ദങ്ങളിലൂടെ സഞ്ചയിച്ച ദാർശനിക വിജ്ഞാനത്തിന് ഗണനീയമായ ഒരു പങ്ക് ഉണ്ടാകാതിരിക്കുകയില്ല.

NEW MAN
Saradamandiram